# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3763 – 21/06/2019 - ലെ മറുപടിക്ക്

## പ്രളയാനന്തര പുനരധിവാസത്തിന് ലോകബാങ്ക് വായ്പ

ചോദ്യം

ഉത്തരം

ശ്രീ.പി.കെ.ബഷീർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തെ പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട് ലോകബാങ്ക് വായ്പയ്ക്ക് അപേക്ഷ നൽകിയിരുന്നോ ; വ്യക്തമാക്കുമോ ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം (1541.14 കോടി) ഉൾപ്പെടെ) വികസന നയവായ്പ (DPL) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ അനുവദിക്കുന്നതിനുള്ള അന്തിമഘട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിച്ച് ലോകബാങ്ക് പ്രളയാനന്തര പുനരധിവാസത്തിനായി എത്ര രൂപയാണ് വായ്പ അനുവദിച്ചിട്ടുള്ളത് ; | |
| (സി) | പ്രസ്തുത തുകയുടെ തിരിച്ചടവ് കാലാവധി, പലിശ, തിരിച്ചടവ് തുക എന്നിവ എത്രയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുന്നത് സംബന്ധിച്ചുള്ള കരട് കരാറിന്റെ ചർച്ച പൂർത്തിയായതേയുള്ളൂ. ഇത് സംബന്ധിച്ച് ലോകബാങ്കുമായി അന്തിമ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മാത്രമേ തിരിച്ചടവ് കാലാവധി, പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നു ; ഇപ്പോൾ അത് എത്ര രൂപയാണ് ;വെളിപ്പെടുത്തുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്ക് പ്രകാരം 2015-16 ൽ സംസ്ഥാനത്തിന്റെ പൊതുകടം 109730.97 കോടി രൂപയും താല്ക്കാലിക കണക്കുകൾ പ്രകാരം 2018-19 ലെ പൊതുകടം 157558.88 കോടി രൂപയുമാണ്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ മാർഗങ്ങളിലൂടെ എത്ര തുക വായ്പയായി എടുത്തു ; വ്യക്തമാക്കുമോ ? | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 01.04.2016 മുതൽ 31.03.2019 വരെ 75395.57 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും |

| | | |
|---|---|---|
| | | പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ് . |

**സെക്ഷൻ ഓഫീസർ**